LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റയിലെ സാമൂഹ്യനീതി വകുപ്പ് വികസന പദ്ധതികൾ

339(1718) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. കണിയാമ്പറ്റയിൽ മഹിളാമന്ദിരത്തിന് കെട്ടിട നിർമ്മാണം.

2. ഒബ്സർവേഷൻ ഹോം/ചിൽഡ്രൻസ് ഹോം കെട്ടിട നിർമ്മാണം.

3. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ കനാൽപ്രദേശം, കുടോത്തുമ്മൽ, മതിശ്ശേരിക്കുന്ന്, കമ്പളക്കാട്, മണ്ഡകമൂല അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം.

4. മേപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിലെ ചൂളക്ക അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചു

5. കണിയാമ്പറ്റയിൽ തൊഴിൽ അധിഷ്ഠിത പുനരധിവാസ കേന്ദ്രം.

6. നിർഭയ സെന്ററിന് കണിയാമ്പറ്റയിൽ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. 90 അങ്കണവാടി സെന്ററുകളിൽ വാട്ടർ ഫിൽട്ടർ വാങ്ങി നൽകി.

8. കണിയാമ്പറ്റയിൽ ക്ഷേമസ്ഥാപനങ്ങളുടെ റീട്ടെയിനിംഗ് വാൾ നിർമ്മാണം.

(ബി)

	പദ്ധതികൾ	വകയിരുത്തിയ തുക	ചെലവഴിച്ചത്
1	2	3	4
1	കണിയാമ്പറ്റ മഹിളാമന്ദിരം	150 ലക്ഷം	1,46,75,297

1	2	3	4
2	ഒബ്സർവേഷൻ ഹോം/ചിൽഡ്രൻസ് ഹോം	450 ലക്ഷം	3,37.50,000
3	കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം	40,50,000	24,30,000
4	മേപ്പാടി ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം	20,00,000	ചെലവഴിച്ചിട്ടില്ല
5	തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം, കണിയാമ്പറ്റ	25 ലക്ഷം	18,75,000
6	നിർഭയ സെന്റർ, കണിയാമ്പറ്റ	299 ലക്ഷം	ചെലവഴിച്ചിട്ടില്ല
7	വാട്ടർ ഫിൽറ്റർ അങ്കണവാടികൾക്ക് നൽകിയത്	6,11,100	6,11,100
8	കണിയാമ്പറ്റ ക്ഷേമ സ്ഥാപനങ്ങളുടെ റീട്ടൈയിനിംഗ് വാൾ	58,50,000	ചെലവഴിച്ചിട്ടില്ല

(സി) ടി പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പ്രവർത്തികൾ ചുവടെ ചേർക്കുന്നു:

വകയിരുത്തിയ തുക

1. നിർഭയ ഷെൽറ്റർ ഹോം - ₹ 299 ലക്ഷം

2. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് അങ്കണവാടികളായ കമ്പളക്കാട്, മണ്ഡകമൂല എന്നിവയുടെ നിർമ്മാണം - ₹ 16,20,000

3. മേപ്പാടി ഗ്രാമപഞ്ചായത്ത് അങ്കണവാടികൾ - ₹ 20,00,000

4. കണിയാമ്പറ്റ ക്ഷേമസ്ഥാപനങ്ങളുടെ റീടൈയിനിംഗ് വാൾ - ₹ 58,50,000

വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

340(1719) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാം; ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly